# St. Thomas Mar Thoma Church, Aluva


LIGHTED TO LIGHTEN

# St. Thomas HERALD

January - March 2025

SENIOR CITIZENS YEAR

"Gray hair is a crown of glory; it is gained in a righteous life".
(Pro. 16:31)





**Rev. Johnson C. Jacob** (Vicar)
Parsonage: 0484 2624356
Mob: 9496212191
revjohnson.jacob28@gmail.com

**St. Thomas Mar Thoma Church**
Mar Thoma Church Road,
Aluva P. O. - 683101, Ernakulam Dist.
Website: www.stmtcaluva.in
E-mail: aluvastmtc@gmail.com

















# Christmas Carol 2024

# വികാരിയുടെ കത്ത്



സന്തോഷത്തിന്റെ ക്രിസ്മസ്കാലം കഴിഞ്ഞ് പുതുവത്സരത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ക്രിസ്മസിന്റെ ആഘോഷമല്ല, അത് നമുക്ക് ജീവിത അനുഭവമാകുന്നുണ്ടോ എന്നതാണ് പ്രധാനം. ദൈവത്തിന്റെ മനുഷ്യാവതാരത്തിലൂടെ സാധ്യമാക്കിയ രക്ഷാപദ്ധതിയിൽ പങ്കാളികളാക്കുന്നതിന് നമ്മെത്തന്നെ സമർപ്പിക്കാം. പുത്തൻ പ്രതീക്ഷകളോടും തളരാത്ത പ്രത്യാശയോടും പുതുവർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. “യിശ്ശായിയുടെ കുറ്റിയിൽനിന്ന് ഒരു മുളയും അതിന്റെ വേരുകളിൽനിന്ന് കൊമ്പും ഫലം കായ്ക്കും” എന്നുള്ള യെശയ്യാ പ്രവാചകന്റെ പ്രവചനം ഇന്നും സംഗതമാണ്. മനുഷ്യൻ എത്ര വെട്ടിനശിപ്പിച്ചാലും ദൈവികപദ്ധതി അതു വീണ്ടും മുളപൊട്ടിപ്പുറപ്പെടും. അതു ഫലം കായ്ക്കും, കാരണം അത് ആഴത്തിൽ വേരുള്ളതാണ്. ദൈവരാജ്യത്തെ പൂർണ്ണമായി തകർക്കാൻ മനുഷ്യനു സാധ്യമല്ല. ചരിത്രത്തിൽ ഇതു പല സംഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

2024 അവസാനത്തിൽ രണ്ടു പ്രശസ്ത വ്യക്തികൾ ഈ ലോകം വിട്ട് കടന്നുപോയി. ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗും സാഹിത്യത്തിലെ കുലപതിയായിരുന്ന ശ്രീ. എം.ടി. വാസുദേവൻനായരും. ശ്രീ. മൻമോഹൻ സിംഗ് ലോകത്തിലെ തന്നെ അതിപ്രഗത്ഭനായ സാമ്പത്തിക വിദഗ്ദ്ധനായിരുന്നു. പ്രധാനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം രൂപപ്പെടുത്തിയ സാമ്പത്തിക ചട്ടക്കൂടാണ് തുടർന്നുവന്ന സർക്കാരുകളും പിൻതുടരുന്നത്. 2007 കാലഘട്ടത്തിലുണ്ടായ, ലോകരാജ്യങ്ങളെയാകെ ബാധിച്ച സാമ്പത്തിക മാന്ദ്യം ഇന്ത്യയെ ബാധിക്കാതെ സൂക്ഷിക്കുവാൻ അദ്ദേഹത്തിന്റെ നയങ്ങൾക്ക് സാധിച്ചു. രാഷ്ട്രീയം വ്യക്തിഗതനേട്ടങ്ങൾക്കല്ല, ജനങ്ങളുടെ ഉന്നമനത്തിനായി തീരണം എന്ന തത്വത്തോടെ ജീവിച്ച അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു. ശ്രീ. എം.ടി. വാസുദേവൻനായർ എഴുത്തിലൂടെയും സിനിമകളിലൂടെയും മനുഷ്യരുടെ ചിന്താധാരകളെ മറ്റൊരു ലോകത്തിലേക്കെത്തിച്ചു. മനുഷ്യർ ചതിയരെന്ന് മുദ്രകുത്തിയവരെ, അവരുടെ നിഷ്കളങ്കതയും നന്മയും പുറന്തോട് പൊളിച്ച് വെളിയിൽ കൊണ്ടുവരുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ ലിഖിതങ്ങൾ അനേകകാലം നിലനിൽക്കും. അനുശോചനം രേഖപ്പെടുത്തുന്നു. പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന ഇടവകയിലെ കുടുംബാംഗങ്ങളോട് അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

ഇന്ത്യ റിപ്പബ്ലിക്കായിട്ട് 74 വർഷങ്ങൾ പൂർത്തിയാകുന്നു. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സോഷ്യലിസവും പരമാധികാരവും മതനിരപേക്ഷതയും കാത്തുസൂക്ഷിക്കുവാൻ ഭരണാധികാരികൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. നീതിപൂർവ്വകമായ തീരുമാനങ്ങൾ ഉണ്ടാകുന്നതിനും അത് സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ളവരുടെ ഉന്നമനത്തിന് ഉതകുന്നതായി തീരുന്നതിനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ജനുവരി 6 – ‘ദനഹ’ പെരുനാളായി സഭ ആചരിക്കുന്നു. കർത്താവിന്റെ സ്നാപനത്തെയും ദൈവികവെളിപ്പാടിനെയും ധ്യാനിക്കുന്ന നിമിഷങ്ങൾ. യേശുവിന്റെ ജീവിതം രണ്ടു സ്നാപനങ്ങൾക്ക് ഇടയിലാണെന്നു പറയാം. യോഹന്നാൻ സ്നാപകനാൽ യോർദ്ദാനിൽ വച്ച് ജലംകൊണ്ടുള്ള സ്നാപനവും കുരിശിലെ രക്തംകൊണ്ടുള്ള സ്നാപനവും. ആദ്യസ്നാപനത്തിൽ “ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന പിതാവിന്റെ ശബ്ദം കേട്ടു. തുടർന്ന് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ വരികയും ചെയ്തു. ഇവിടെ പരിശുദ്ധ ത്രിത്വം വെളിപ്പെടുന്നതായി മനസ്സിലാക്കാം. ത്രിയേക

ദൈവത്തിലുള്ള നമ്മുടെ വിശ്വാസം ഉറപ്പിക്കാം. ഇവിടെ ഒരു കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. യേശു ഏറ്റ സ്നാപനം അല്ല ക്രിസ്തീയ സഭ പിന്തുടരുന്നത് പ്രത്യുത യേശു കൽപിച്ച സ്നാപനം (മാമോദീസ) ആണ് എന്ന് മനസ്സിലാക്കുക (മത്താ 28:18 - 20).

ജനുവരി 8 - 12 വരെ കോട്ടയം - കൊച്ചി ഭദ്രാസനകൺവൻഷനും ഫെബ്രുവരി 9 - 16 വരെ മാരാമൺ കൺവൻഷനും നടക്കുന്നു. ദൈവവചനപ്രഘോഷണം തദ്ദേശീയമായി ആരംഭിച്ച സഭ മാർത്തോമ്മാ സഭയാണ്. മാരാമൺ കൺവൻഷൻ ആരംഭിച്ചിട്ട് 130 സംവത്സരമാകുന്നു. അതിലൂടെയുള്ള നിർമ്മല സുവിശേഷം ജാതിമതഭേദമെന്യെ അനേകരെ മാനസാന്തരത്തിലേക്കു നയിച്ചിട്ടുണ്ട്. വചനത്തെ ഗൗരവമായി കാണുന്നതിനും ശ്രദ്ധയോടെ ശ്രവിക്കുന്നതിനും ശാന്തമായി ധ്യാനിച്ച് മനനം ചെയ്യുന്നതിനും നമുക്കിടയാകട്ടെ. ഈ വർഷം വലിയ നോമ്പാരംഭിക്കുന്നത് മാർച്ച് 2 - നാണ്. യേശുവിന്റെ 40 ദിവസത്തെ ഉപവാസവും സാത്താന്റെ പരീക്ഷയും തുടർന്ന് പീഡാനുഭവവും ക്രൂശുമരണവും ഉയിർത്തെഴുന്നേൽപും നാം ധ്യാനിക്കുന്നു. മനുഷ്യവർഗ്ഗത്തെ പാപങ്ങളിൽനിന്നും വീണ്ടെടുക്കുവാൻ തന്നെത്തന്നെ യാഗമാക്കി ക്രൂശിൽ അർപ്പിച്ചു. കുരിശ് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും രക്ഷയുടെയും വിജയത്തിന്റെയും ചിഹ്നമാണ്. വലിയ നോമ്പാചരണം നമ്മുടെ പുതുക്കത്തിനും രക്ഷാപദ്ധതിയിൽ പങ്കാളിത്തം വഹിക്കുന്നതിനും നമുക്കിടയാകട്ടെ.

കഴിഞ്ഞ ത്രൈമാസത്തിൽ ഇടവകയായി പ്ലാൻ ചെയ്ത എല്ലാ പരിപാടികളും സമയബന്ധിതമായി നടപ്പാക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. 'Senior Citizen Year' ആയി വേർതിരിച്ച വർഷത്തിൽ മുതിർന്ന പൗരർക്ക് ഊന്നൽ നൽകിയ പ്രോഗ്രാമുകളാണ് ക്രമീകരിച്ചത്. വിശേഷാൽ സഹായം അർഹിക്കുന്ന 10 പേരെ തിരഞ്ഞെടുത്ത് SCF - നോട് ചേർന്ന് ആയിരം രൂപയുടെ ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റ് ഓരോ മാസവും വിതരണം ചെയ്യാൻ സാധിച്ചു. നമ്മുടെ എല്ലാ സംഘടനകളും സജീവമായി വിവിധ പരിപാടികൾ ക്രമീകരിച്ച് നടപ്പാക്കി.

77 - ാം ഇടവകദിനാചരണം അഭിവന്ദ്യ മാത്യൂസ് മാർ സെറാഫീം തിരുമേനിയുടെ നേതൃത്വത്തിൽ ഭംഗിയായി നടത്തുവാൻ ഇടയായി. 10 കുഞ്ഞുങ്ങൾ ആദ്യകുർബ്ബാനസ്വീകരിച്ചു. ദാമ്പത്യത്തിൽ 50 വർഷം പൂർത്തീകരിച്ചവരെയും ഈ വർഷം 75, 80, 90 വയസ്സ് പൂർത്തീകരിച്ചവരെയും ആദരിച്ചു. വിദ്യാഭ്യാസരംഗത്ത് വിജയം വരിച്ചവരെയും മെറിറ്റ് അവാർഡ് നൽകി ആദരിച്ചു. ഇടവക കൺവൻഷൻ, കുടുംബ പ്രതിഷ്ഠാദിനം ഇവ അനുഗ്രഹകരമായി നടത്തി. സണ്ടേസ്കൂൾ അധ്യയനവർഷം പൂർത്തീകരിച്ച് വാർഷിക, ബിരുദ് പരീക്ഷ നടത്തി. യുവജനസഖ്യം ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് Round Carol നടത്തി. സേവികാസംഘം, ഇടവകമിഷൻ ഇവ സംയുക്തമായി ഭദ്രാസനത്തിന്റെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചു സാമ്പത്തിക സഹായം നൽകി. SCF ന്റെ നേതൃത്വത്തിൽ വിവിധ ക്ലാസ്സുകൾ, കലാമത്സരങ്ങൾ, മീറ്റിംഗുകൾ നടത്തി. വികസനസംഘം 'മലനാട് പ്രോജക്ട്' സന്ദർശിച്ചു. ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ക്രിസ്മസ് കരോൾ സർവ്വീസ് ഭംഗിയായി നടത്തി. വർദ്ധിച്ച ജനപങ്കാളിത്തം ഈ വർഷം ഉണ്ടായിരുന്നു. സംഘടനാ പ്രവർത്തകരോടുള്ള സന്തോഷം അറിയിക്കുന്നു.

പുതിയ വർഷം ആരാധനയിൽ അർത്ഥപൂർണ്ണമായി പങ്കാളിത്തം വഹിപ്പാൻ ആഹ്വാനം ചെയ്യുന്നു. മദ്ബഹയിലെ ശുശ്രൂഷകർ രാവിലെ 7.30 ന് മുമ്പായും ഗായകസംഘാംഗങ്ങൾ 7.50 ന് മുമ്പായും ശുശ്രൂഷയിലെ വിവിധ ചുമതലകൾ നിർവ്വഹിക്കുന്നവർ 7.50 നും വന്ന് Vestry Prayer ൽ സംബന്ധിക്കുകയും ഒരുക്കശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്യണം. ജനങ്ങൾ ഒരുക്കത്തോടുകൂടി പ്രാർത്ഥനാപൂർവ്വം വി. കുർബ്ബാനയിൽ പങ്കുചേരണം. ആരാധനയിൽ കുട്ടികൾ ക്രമമായി സംബന്ധിക്കുന്നതിനും മുൻ ബഞ്ചുകളിൽ ഇരിക്കുന്നതിനും ഉത്സാഹിപ്പിക്കുമല്ലോ. യുവജനങ്ങൾ കൂടുതലായി ആരാധനക്രമീകരണങ്ങളിൽ പങ്കാളികളാകുകയും ചുമതലാസ്ഥാനങ്ങൾ ഏറ്റെടുത്ത് ഇടവകയെ മുന്നോട്ട് നയിക്കുവാൻ സഹായിക്കുകയും ചെയ്യണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ആലുവ
25.12.2024

കർത്തൃശുശ്രൂഷയിൽ
**റവ. ജോൺസൺ സി. ജേക്കബ്ബ്**
(വികാരി)

# വേദഭാഗങ്ങൾ : January - March 2025

| Date | | Lesson 1 | Lesson 2 | Epistle | Gospel |
|---|---|---|---|---|---|
| ജനുവരി | 05 ഞായർ | പുറ. 3:1 - 17<br>Exo. 3:1-17 | അ.പ്ര. 16:6 - 15<br>Acts. 16:6-15 | റോമർ 10:9 - 17<br>Rom. 10:9-17 | വി. ലൂക്കോ. 10:1 - 11<br>St. Luke 10:1-11 |
| | 12 ഞായർ | മീഖാ 4:1 - 7<br>Mic. 4:1-7 | റോമ 5:1 - 11<br>Rom. 5:1-11 | എഫേ. 2:11 - 19<br>Eph. 2:11-19 | വി. മത്തായി 5:1 - 9<br>St. Matt. 5:1-9 |
| | 19 ഞായർ | സെഖ 8:18 - 23<br>Zec. 8:18-23 | 1 കൊരി 1:10 - 18<br>1 Cor 1:1-10 | കൊലോ 3:9 - 17<br>Colo 3:9-17 | വി. യോഹ. 17:13 - 23<br>St. John 17:13-23 |
| | 26 ഞായർ | ആമോ. 5:18 - 27<br>Amos 5:18-27 | 1 പത്രോ 3:14 - 18<br>1 Pet 3:14-18 | കൊലോ. 4:2 - 6<br>Col. 4:2-6 | വി. ലൂക്കോ. 3:7 - 14<br>St. Luke 3:7-14 |
| ഫെബ്രുവരി | 02 ഞായർ | 2 രാജാ. 20:1 - 11<br>2 Kings 20:1-11 | എബ്രാ. 9:11 - 14<br>Heb. 9:11-14 | യാക്കോ. 5:13 - 18<br>James 5:13-18 | വി. മർക്കോ. 5:25 - 34<br>St. Mark. 5:25-34 |
| | 09 ഞായർ | യെശ. 40:12 - 26<br>Isa. 40:12-26 | റോമ. 8:19 - 25<br>Rom. 8:19-25 | കൊലോ. 1:15 - 20<br>Col. 1:15-20 | വി. മത്താ. 6:26 - 30<br>St. Matt. 6:26-30 |
| | 16 ഞായർ | യെശ. 11:1 - 9<br>Is. 11:1-9 | എഫേ 3:16 - 21<br>Eph. 3:16-21 | 1 കൊരി. 1:4 - 9<br>1 Cor. 1:4-9 | വി. യോഹ 4:4 - 15<br>St. Jon 4:4-15 |
| | 23 ഞായർ | യെഹ. 36:24 - 31<br>Eze. 36:24-31 | എഫേ 4:17 - 24<br>Ephe. 4:17-24 | 1 പത്രോ. 2:1 - 10<br>1 Pet. 2:1-10 | വി. ലൂക്കോ. 19:1 - 10<br>St. Luke 19:1-10 |
| മാർച്ച് | 02 ഞായർ | ആവ. 30:1 - 10<br>Deut. 30:1-10 | വെളിപ്പാട് 21:1 - 8<br>Rev. 21:1-8 | റോമ 12:1 - 3<br>Rom. 12:1-3 | വി. യോഹ. 2:1 - 11<br>St. John 2:1-11 |
| | 09 ഞായർ | യിരെ 33:6 - 11<br>Jer. 33:6-11 | ഫിലേ. 8 - 21<br>Phile. 8-21 | യാക്കോ. 4:7 - 10<br>James 4:7-10 | വി. മർക്കോ. 1:40 - 45<br>St. Mark. 1:40-45 |
| | 16 ഞായർ | 2 രാജാ. 5:1 - 14<br>2 Kings 5:1-14 | അ.പ്ര. 16:16 - 18<br>Acts. 16:16-18 | റോമർ 5:6 - 11<br>Rom 5:6-11 | വി. മർക്കോ. 2:1 - 12<br>St. Mark. 2:1-12 |
| | 23 ഞായർ | ഹോശേ. 2:14 - 23<br>Hos. 2:14-23 | അ.പ്ര. 5:12 - 16<br>Acts. 5:12-16 | 1 കൊരി. 1:18 - 25<br>1 Cor. 1:18-25 | വി. മത്തായി 15:21 - 28<br>St. Matt 15:21-28 |
| | 30 ഞായർ | യെശ. 66:12 - 15<br>Isa 66:12-15 | റോമർ 3:23 - 31<br>Rom. 3:23-31 | 1 പത്രോ. 1:18 - 25<br>1 Pet. 1:18-25 | വി. ലൂക്കോ 13:10 - 17<br>St. Luke 13:10-17 |

## Worship Assist List : January - March 2025

| Month | Date | Time | Day Importance | Clergy | Ord. of Wor. | Assist 1 | Assist 2 / Altar Boy | Bible Reading/ Offertory |
|---|---|---|---|---|---|---|---|---|
| January | 05 | 8 am | ബാഹ്യകേരള മിഷൻ | Very Rev. C.A.Varghese<br>Rev. Johnson C. Jacob | M | Joseph K.J. | P.V. Thomas | Town A |
| | 12 | 8 am | സമാധാനത്തിന്റെ ദൈവം | Rev. Johnson C. Jacob | M | Suffin S. Titus | Manoj T. Thomas | Town B |
| | 19 | 8 am | Ecumenical Sunday | Rev. Johnson C. Jacob | M | Thomas Isaac | Ridhin Sam | Sunday School |
| | 26 | 8 am | Republic Day | Rev. Johnson C. Jacob | M | Kuruvilla Mathew | Roji Oommen | Yuvajana Sakhyam |
| February | 02 | 8 am | Medical Mission Sunday | Rev. Johnson C. Jacob | M | Joseph K.J. | P.V. Thomas | Asokapuram |
| | 09 | 8 am | 130th Maramon Convention | Rev. Johnson C. Jacob | E | Naveen Bobby | Sujith Raju | Choir |
| | 16 | 8 am | Maramon Convention Conclusion | Rev. Johnson C. Jacob | M | P.V. Thomas | Raju Varghese Ayranathara | Power House |
| | 23 | 8 am | Re-organisation of Life | Rev. Johnson C. Jacob | M | John P. John | Thomas Abraham | Choornikkara |
| March | 02 | 8 am | Beginning of the Great Lent | Rev. Johnson C. Jacob | M | Joseph K.J. | P. V. Thomas | Sevika Sanghom |
| | 09 | 8 am | 2nd Sunday of the Lent | Rev. Johnson C. Jacob | M | Dr. Thomas Cherian | Jerin Joji | SCF |
| | 16 | 8 am | 3rd Sunday of the Lent | Rev. Johnson C. Jacob | M | Biju Thomas | Cibin Moncy | Vikasana Sanghom |
| | 23 | 8 am | 4th Sunday of the Lent | Rev. Johnson C. Jacob | M | George Sam | P. V. Thomas | Edavaka Mission |
| | 30 | 8 am | 5th Sunday of the Lent | Matins | M | Joseph K.J. | Raju Varghese Ayranathara | Kuttamassery |

## Prayer List : January - March 2025

| Date | | Time | Prayer Group | Venue |
|---|---|---|---|---|
| Jan | 05 Sun | 4.00 pm | Town A | Suffin S. Titus, Palakunnathu |
| | 12 Sun | 4.00 pm | Choornikkara | Mathai Koshy, AIC7 Periyar Hermitage |
| | | 5.15 pm | Town B | Thomas Thomas Cherukara Padippurakkal |
| | 19 Sun | 4.00 pm | Town A | Billy Graham, Kinattumoottil |
| | | 5.15 pm | Asokapuram Power House | Varghese Mathew Illathupadeettathil, Choondy |
| | 26 Sun | 4.00 pm | Choornikkara | Sunny Zachariah, Plamoottil House |
| | | 5.15 pm | Ashokapuram/ Power House | Sabu Thomas, Ashisham Kunjattukara |
| Feb | 02 Sun | 4.00 pm | Ashokapuram/ Power House | Samuel Abraham, Kochuparampil |
| | | 5.15 pm | Town A | Koshy Santhosh, Flat # B3, Periyar Palace |
| | 08 Sat | 11.30 pm | Town B | George Mathew K., Kanjirathumala Thadathil |
| | 09 Sun | 4.00 pm | Choornikkara | Kunjamma Babu, Anamala |
| | | 5.15 pm | Kuttamassery | Mr. Reggie V. John, Velliampallil |
| | 16 Sun | 4.00 pm | Ashokapuram/ Power House | John P. P., Pottumanackal |
| | | 5.15 pm | Kuttamassery | Thomas Koshy, Flat No. 5C, Trinity Periyar Winds |
| | 23 Sun | 4.00 pm | Common Prayer | Sujo, Merlin Biju Kallupalathinkal |
| March | 02 Sun | 4.00 pm | Town A | Mary Joseph, Munjanattu House |
| | 09 Sun | 4.00 pm | Choornikkara | Biju Thomas, Chakkalayil |
| | 16 Sun | 4.00 pm | Ashokapuram/ Power House | C.A. Varghese, Chamathail |
| | | 5.15 pm | Town A | K. P. Jacob, Kuttiseril |
| | 23 Sun | 4.00 pm | Choornikkara | Joju Oommen, House No. 173/A, SPW Road, Companypadi |
| | | 5.15 pm | Town B | Alexander John, Kizhakke Veedu |

## Upcoming Programmes of Parish: January - March 2025

| | Date | Time | Programme |
|---|---|---|---|
| January | 05 | 8.00 am | Sunday School Teachers' & students' Dedication |
| | | 10.30 am | Beginning of Sunday School classes & |
| | | | Talent Competitions (Essay & Memory verses) |
| | 08-12 | | Kottayam-Kochi Diocesan Convention |
| | 11 | 4.30 pm | Teachers' Retreat (SSI) |
| | 12 | 10.30 am | Sunday School Bible Reading Competition |
| | 15 | 10.30 am | SCF Centre Meeting @ Fort Kochi |
| | 19 | 8.00 am | Suvisesha Nidhi special offertory |
| | | 10.30 am | Story Telling & Elocution Competition (SSI) |
| | 26 | 11.15 am | PTA Meeting |
| | 29 | 4.30 pm | Bible Quiz Competition for prayer groups and all organisations |
| February | 01 | | SCF Deep Sea Cruise Trip |
| | 04 | 10.30 pm | Talent Show |
| | 08 | | Sevika Sangham Centre Competition @Christos Kakkanadu |
| | 09-16 | | Maramon Convention |
| | 28 | 10.30 pm | VEA Centre Meeting @ Thengodu |
| March | 02 | | Sevika Sangham First Fruit Sale |
| | 04 | 10.30 am | SCF Retreat |
| | 23 | 5.00 pm | Senior Citizen Year Valedictory Function |
| | 26 | | Mid Lent |
| | 31-April 06 | | VBS |

## Altar Flower Gifted : January - March 2025

| | | |
|---|---|---|
| January | 05 | Mr. Kunjumon George |
| | 12 | Mrs. Jaya A. Philip |
| | 19 | Mr. Koshy Vinod |
| | 26 | Mr. Sunny P. Zachariah |
| February | 02 | Mr. Moncy V. Thomas |
| | 09 | Mr. George Mathew |
| | 16 | Mrs. Rachellamma Jolly |
| | 23 | Mr. Alexander John |
| March | 02 | Well wisher |
| | 09 | Abraham Kunjumon |
| | 16 | Well wisher |
| | 23 | Thomas Isaac |
| | 30 | Well wisher |






**JOJU OOMMEN** (HOF)
**LALLU MARIAM JACOB** (Wife)
**JOHANA ELSA JOJU** (Daughter)

House No. 173/A, SPW Road
Companypadi



**THOMAS KOSHY** (HOF)
**BIBY MARY MATHEWS** (Wife)
**KOSHY THOMAS** (Son)
**EMY SUSAN THOMAS** (Daughter)

Flat 5C, Trinity Periyar Winds
Kuttamassery, Thottumughom

# Prayerful Condolences



**THANKAMONI ABRAHAM** (78)
Thottakkat House,
Perumbavoor Road, Aluva
Expired on: 21.10.2024



**AMMINI GEORGE** (94)
Thasiyil,
Asokapuram, Aluva
Expired on: 11.12.2024



**RAHUL JOHN** (36)
Velliampallil House
Thottumugham, Aluva
Expired on: 21.12.2024

# Edavaka Mission and Sevika Sanghom Visit K K Diocesan Institutions














# Vikasana Sanghom Malanadu Visit








# Food kit Distribution






# Sunday School Picnic








## Choir Picnic



## Choir at Centter Convention



## SCF Visit - Puthencruz Church



## Irene Homes Visit SCF



## Yuvajanasakhyam - Vilangu Providence Home Visit






## Donating Desktop to Girideepti by Vikasana Sankhom



## Ernakulam Sevika Sankhom Centre Carol




## World Sunday School Day





# ബൈബിൾ ക്വിസ്

**Mrs. Mini Johnson**

## ചോദ്യങ്ങൾ

1. "നിസ്സാരൻ ഇനി നിന്നിൽ കൂടി കടക്കുകയില്ല" എന്ന് ആരോടാണ് പറയുന്നത്?
2. നിനവേയെക്കുറിച്ച് പ്രവചിച്ച പ്രവാചകൻ ആര്?
3. നഹൂമിന്റെ ദേശം?
4. പുരാതനമേ ജലാശയം പോലെയായിരുന്ന നഗരം ഏത്?
5. നദികളുടെ ഇടയിൽ ഇരിക്കുന്നതും ചുറ്റും വെള്ളം ഉള്ളതും സമുദ്രം വാടയും സമുദ്രം മതിലും ആയിരിക്കുന്ന പട്ടണം?
6. ആരുടെ ഇടയൻമാരാണ് ഉറങ്ങുന്നത്?
7. "രക്തപാതകങ്ങളുടെ പട്ടണത്തിന് അയ്യോ കഷ്ടം! അതു മുഴുവനും വ്യാജവും അപഹാരവും നിറഞ്ഞിരിക്കുന്നു." ഏതു പട്ടണത്തെക്കുറിച്ച് പറയുന്നു?
8. ആര് ആരോട് പറഞ്ഞു?
   "ഞാൻ നിന്റെ നേരെ വരും. ഞാൻ അതിന്റെ രഥങ്ങളെ ചുട്ടു പുകയാക്കും. നിന്റെ ബാലസിംഹങ്ങൾ വാളിന് ഇരയായിത്തീരും."
9. ഏതു രാജ്യത്തിന്റെ തലസ്ഥാനമാണ് നിനവേ?
10. രണ്ട് പ്രാവശ്യം പൊങ്ങിവരാത്തത് എന്ത്?

**(ക്വിസ് ഉത്തരങ്ങൾ ജനുവരി 26 നു മുമ്പായി പാഴ്സനേജിൽ ഏൽപിക്കുക)**

## കഴിഞ്ഞലക്കം ക്വിസ് ഉത്തരങ്ങൾ

1. 2 യോഹന്നാൻ (1 യോഹ 2:1)
2. ഗായോസ് (3 യോഹ 1)
3. ദിയൊത്രെഫേസ്, ദെമേത്രിയോസ് (3 യോഹ 9:12)
4. "തനിക്കു പാപം ഇല്ല എന്നു പറയുന്നു എങ്കിൽ (1 യോഹ 1:8)
5. യേശുക്രിസ്തു (1 യോഹ 2:1)
6. "പാപം അധർമ്മം തന്നെ" (1 യോഹ 3:4) (2) "ഏത് അനീതിയും പാപം ആകുന്നു" (1 യോഹ 5:17).
7. യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവ് (1 യോഹ 4:2)
8. 1 യോഹ 2:4, 1 യോഹ 2:22, 1 യോഹ 4:20 & 1 യോഹ 2:22
9. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ (1 യോഹ 3:8)
10. കായീന്റെ പ്രവൃത്തി ദോഷവും ഹാബേലിന്റേതു നീതിയുള്ളതുമായിരുന്നതുകൊണ്ട് (1 യോഹ 3:12)

---

കഴിഞ്ഞലക്കം വിജയി : **ശ്രീമതി ഷേർലി തോമസ്**

അഭിനന്ദന സമ്മാനം : **ശ്രീ. അലക്സാണ്ടർ ജോൺ**

അഭിനന്ദനങ്ങൾ

# *Edavaka Dinam Meeting*




















# 77TH PARISH DAY











